01
ജൂൺ
2018

കൊറേ കാടുകളിൽ നിന്നു പ്രസിദ്ധീകരിക്കുന്ന ഏക വനപത്രം

# ജംഗിൾ ന്യൂസ്

ജംഗിൾ ന്യൂസ് പത്രത്തിലേക്ക് കൂട്ടുകാരുടെ
രസകരമായ വാർത്തകൾ ക്ഷണിക്കുന്നു..
പേര്, ക്ലാസ്, സ്കൂൾ എന്നിവ ചേർക്കാൻ മറക്കരുത്.
വാർത്തകൾ വാട്സ്ആപ്പ് ചെയ്യുക:
8281572448

JUNGLE NEWS DAILY, PUBLISHED FROM THIRUVANAM PURAM, KOZHIKOOD, ERUMAKULAM, MAYILPURAM, PATTIKKAD, KAKKANCHERY

## KSL കിരീടം FC മയിലിപുരത്തിന്

**ചൊച്ചി:** ഇന്നലെ വൈകീട്ട് 4 മണിക്ക് ചൊച്ചി തട്ടുകടയുടെ പിറകുവശത്തുള്ള അലുവ മൈതാനത്തുവെച്ച് നടന്ന കാട് സൂപ്പർ ലീഗ് (KSL) ഫൈനൽ മത്സരത്തിൽ FC മയിൽപുരം എരുമകുളം FC യെ എതിരില്ലാത്ത 4 ഗോളിന് തോൽപ്പിച്ചു. മയിൽപുരം FC ക്യാപ്റ്റൻ മിക്കു മയിൽ ഹാട്രിക് അടിച്ചു.

ഇഞ്ചുറി ടൈമായ 91, 92, 94 മിനിറ്റുകളിലാണ് മിക്കു ഹാട്രിക് നേടിയത്. മയിൽപുരത്തിന്റെ മറ്റൊരു ഗോൾ എരുമകുളം FC സ്ട്രൈക്കർ ലാമോ എരുമയുടെ ബൂട്ടിൽ നിന്നായിരുന്നു. ലാമോ എരുമയുടെ സെൽഫ് ഗോൾ എരുമകുളം ആരാധകരെ ചൊടിപ്പിച്ചു. ലാമോ 5 ചാക്ക് കാലിത്തീറ്റ വാങ്ങി കോഴ കാണിച്ചതാണെന്നാരോപിച്ച് ആരാധകർ രംഗത്തെത്തി. ഒരുവിധം കഷ്ടപ്പെട്ടാണ് റഫറി ജംബു ബിയറും സ്റ്റേഡിയം മാനേജ്മെൻറും ആരാധകരെ അടക്കിയിരുത്തിയത്.

എ. ഹാദി അബ്ദുള്ള, ക്ലാസ് 7
ജി. എസ്. എൻ. ടി. വി. എസ്. കെ. ടി. യു. പി. എസ്
പുന്നക്കുളം



## ജൂൺ പത്ത് മുതൽ സൂപ്പർ കപ്പിന്റെ ആരവങ്ങൾ

**മത്തങ്ങാപുരം:** ഐ.എഫ്. എൽ (ഇന്ത്യൻ ഫോറസ്റ്റ് ലീഗ്) നും എ ലീഗിനും ശേഷം ഇരു ലീഗിലെയും ആദ്യ ആറ് സ്ഥാനക്കാർ നേരിട്ടും മറ്റു ടീമുകൾ യോഗ്യതാ മത്സരങ്ങൾ കളിച്ചും മാറ്റുരക്കുന്ന സൂപ്പർ കപ്പിന് ജൂൺ 10 മുതൽ തുടക്കം. യോഗ്യതാ മത്സരങ്ങളിൽ ഗോകുലം കാട്ടാന X റാബിറ്റ് ഡൈനാമോസ്, ഫോറസ്റ്റ് ആരോസ് X അത്‌ലറ്റിക്കോ ഡികരടി, ചർച്ചിൽ കാക്ക Xപുള്ളിമാൻ സിറ്റി എഫ് സി, കിളിയൻ എഫ് സി X എലി ഈസ്റ്റ് യുനൈറ്റഡ് എന്നീ ടീമുകൾ മാറ്റുരയ്ക്കും, യോഗ്യതാ മത്സരത്തിൽ വിജയിക്കുന്ന ടീമുകൾ കാട്ടാന ബ്ലാസ്റ്റേഴ്സ്, ലയൺസ് ജംഷഡ്പൂർ, പൂനെ ജിറാഫ് എഫ് സി, എഫ് സി ചീറ്റാസ് എന്നീ ടീമുകളോട് വീണ്ടും മത്സരിക്കണം. പതിനാറ് ടീമുകളടങ്ങുന്ന ടൂർണമെന്റ് നോക്ക് ഔട്ട് രീതിയിലാണ്. തോറ്റവർ ഗ്രൗണ്ടിൽ വന്ന് അലമ്പുണ്ടാക്കിയാൽ നല്ല ഇടി കിട്ടും എന്ന് എസ്.ഐ കുറുക്കൻ കുമാർ അറിയിച്ചു.

സാബിഖ് ഷമീം, ക്ലാസ് 6. മോഡൽ സെൻട്രൽ സ്കൂൾ, ആലത്തൂർ

### മനുവിനെ കൊന്നത് തലക്കടിച്ചും നെഞ്ചു തകർത്തും

## കുറുക്കൻമാർ അറസ്റ്റിൽ



**മുയൽക്കണ്ടം:** മുയൽക്കണ്ടം കാടുമണ്ണ ഊരിലെ കാട്ടുവാസി മുയൽ യുവാവ് മനുവിന്റെ കൊലപാതകത്തെ തുടർന്ന് ഏഴ് കുറുക്കൻമാർ അറസ്റ്റിൽ. കൊന്നത് തലക്കടിച്ചും നെഞ്ച് തകർത്തും എന്നാണ് പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ . മനുവിനെ കൊന്ന 7 കാട്ടുവാസി കുറുക്കൻമാരെയും പൂച്ചപ്പോലീസ് അറസ്റ്റ് ചെയ്തു. അതിന് മുഖ്യമന്ത്രി ചടയൻ സിംഹം പൂച്ചപ്പോലീസിന് അവാർഡ് കൊടുത്തു. കാദർക്കയും പൈലിയും പൂച്ചപ്പോലീസിന് സഹായികളായി ഉണ്ടായിരുന്നു. വിശന്നപ്പോഴാണ് ഞങ്ങൾ മനുമുയലിനെ കൊന്നതെന്നും 'പറ്റിപ്പോയ'താണെന്നും അറസ്റ്റിലായ കുറുക്കൻമാർ പറഞ്ഞു. വിശപ്പ് ഒരു തെറ്റാണോ എന്നും അവർ ചോദിച്ചു. പ്രതികളെ കുറ്റവിമുക്തരാക്കി ഉടൻ തന്നെ വിട്ടയക്കണം എന്ന് പ്രതികളുടെ വീട്ടുകാർ പറഞ്ഞു. ഈ വിഷയം സംബന്ധിച്ച് നാളെ ഹർത്താലുണ്ട് എന്ന് വാട്സാപ്പിൽ പ്രചരിക്കുന്നുണ്ടെങ്കിലും ആർക്കും ഇതുവരെ ഒരുറപ്പുമില്ല.

ഇഹ്സാൻ മുഹമ്മദലി. കെ, ക്ലാസ് 7
എ. യു. പി. എസ്, തൃപ്പനച്ചി

## മൊബൈൽ മോഷ്ടിച്ച ലവൻ സിംഹത്തിന് വധശിക്ഷ

**സിംഹക്കാട്:** ചാക്കോ മുതലയുടെ Iphone10 മോഷ്ടിച്ച ലവൻ സിംഹത്തിന് വധശിക്ഷ വിധിച്ച് ജംഗ്ൾ കോടതി. ഇത് എന്ത് നിയമമാണ് എന്ന് ലവൻ സിംഹം ചോദിച്ചു കോടതി വിധിക്കെതിരെ ലവൻ സുപ്രിം കോടതിയെ സമീപിക്കും . എന്റെ I phone 10 തിരിച്ചു തന്നാൽ കേസ് പിൻവലിക്കാം എന്ന് കായിക മന്ത്രി ചാക്കോ മുതല പറഞ്ഞു. മോഷണത്തിനല്ല വധശിക്ഷ എന്നും ഇതൊരു മോഷണത്തിൽ ഒതുക്കാൻ ഒക്കില്ലെന്നും മന്ത്രിയായ ചാക്കോ മുതലയുടെ ഫോണിലെ രഹസ്യങ്ങൾ ചോർത്തി വലിയ അട്ടിമറികൾക്കാണ് ലവൻ പദ്ധതിയിട്ടതെന്നും വിധി പ്രസ്താവനയിൽ കോടതി പറഞ്ഞു. ഇതൊക്കെ ചുമ്മാ പറയുന്നതാണെന്നും മന്ത്രിയുടെ ഫോണാണെങ്കിൽ ഞാനൊരിക്കലും മോഷ്ടിക്കുമായിരുന്നില്ലെന്നും ലവൻ പറഞ്ഞു. മുതലക്കുളത്തിൽ ആ ഫോൺ മുങ്ങിപ്പോയില്ലായിരുന്നെങ്കിൽ ഞാനത് തിരിച്ചു കൊടുത്തേനെ. ഇനി എന്തു ചെയ്യാനാ.. സത്യസന്ധതയോടെ കോടതിയിൽ കുറ്റം ഏറ്റു പറഞ്ഞ എന്നെ ശരിക്കും ആദരിക്കുകയല്ലേ വേണ്ടത് എന്നും ലവൻ ചോദിച്ചു.

അഷ്ഫാഖ്. എം